**മഹാത്മാഗാന്ധി സർവ്വകലാശാല**
**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 ഡിസംബർ 20

**വാർത്താക്കുറിപ്പ്**

---

## ഭിന്നശേഷിക്കാരുടെ ക്ഷേമം; സ്റ്റാർട്ടപ്പ് ഇൻകുബേഷൻ ഓഫീസ് തുറന്നു

ഭിന്നശേഷിക്കാരുടെ ക്ഷേമത്തിന് ഉപകരിക്കുന്ന ആശയങ്ങളെ സംരംഭങ്ങളാക്കി മാറ്റുന്നതിന് ലക്ഷ്യമിടുന്ന സ്റ്റാർട്ട് അപ് ഇൻകുബേഷൻ കേന്ദ്രം പ്രവർത്തനമാരംഭിച്ചു.

കാഞ്ഞിരപ്പള്ളി എയ്ഞ്ചൽസ് വില്ലേജിൽ ഉന്നത വിദ്യാഭ്യാസ മന്ത്രി ഡോ. ആർ. ബിന്ദു കഴിഞ്ഞ ദിവസം ഓഫീസ് ഉദ്ഘാടനം നിർവഹിച്ചു. മഹാത്മാ ഗാന്ധി സർവകലാശാലയിലെ ബിസിനസ് ഇന്നോവേഷൻ ആൻഡ് ഇൻക്യുബേഷൻ സെൻററും(ബി.ഐ.ഐ.സി) ഭിന്നശേഷിക്കാരുടെ ക്ഷേമ രംഗത്ത് സജീവമായ കാഞ്ഞിരപ്പള്ളിയിലെ സന്നദ്ധ സ്ഥാപനമായ വി കെയർ സെൻററും സംയുക്തമായാണ് സംസ്ഥാനത്ത് ആദ്യമായി ഇത്തരമൊരു പദ്ധതി നടപ്പാക്കുന്നത്.

ഇതിൻറെ ഭാഗമായി ഭിന്നശേഷി വിഭാഗത്തിൽ പെടുന്നവരുടെ ക്ഷേമത്തിന് പ്രയോജനപ്പെടുന്ന ആശയങ്ങൾ സ്വീകരിക്കുന്നതിനായി ബിൽഡ് യുവർ ലെഗോ എന്ന പേരിൽ ആരംഭിച്ച ഓൺലൈൻ ഹാക്കത്തോൺ 2023 ജനുവരി 30 വരെ നീണ്ടു നിൽക്കും.

ഹാക്കത്തോണിൽ ലഭിക്കുന്ന മികച്ച ആശയങ്ങൾ ഫലപ്രദമായി നടപ്പാക്കാൻ കഴിയുന്ന രീതിയിൽ സ്റ്റാർട്ടപ്പുകൾ ആരംഭിക്കുന്നതിന് ബി.ഐ.ഐ.സി സഹായം നൽകും. വി.കെയർ സെൻററിനു കീഴിലുള്ള എയ്ഞ്ചൽസ് വില്ലേജിലാണ് ഇതിന് സൗകര്യമൊരുക്കുക.

വിശദവിവരങ്ങൾ www.iddhackathon.com എന്ന വെബ്സൈറ്റിലും iddhackathon@gmail.com ഇ മെയിൽ വിലാസത്തിലും ലഭിക്കും.

**ഫോട്ടോ ക്യാപ്ഷൻ...**

ഭിന്നശേഷിക്കാരുടെ ക്ഷേമത്തിന് ഉപകരിക്കുന്ന ആശയങ്ങളെ സംരംഭങ്ങളാക്കി മാറ്റുന്നതിന് ലക്ഷ്യമിടുന്ന സ്റ്റാർട്ട് അപ് ഇൻകുബേഷൻ കേന്ദ്രം കാഞ്ഞിരപ്പള്ളി എയ്ഞ്ചൽസ് വില്ലേജിൽ മന്ത്രി ഡോ. ആർ. ബിന്ദു ഉദ്ഘാടനം ചെയ്യുന്നു. ഗവൺമെൻറ് ചീഫ് വിപ് ഡോ. എൻ. ജയരാജ്, ഡോ. ഇ.കെ. രാധാകൃഷ്ണൻ, ഫാ. ബോബി അലക്സ്, ഫാ. റോയ് വടക്കേൽ, എബി കാളാന്തറ എന്നിവർ സമീപം.

## പരീക്ഷാ തീയതി

ആറാം സെമസ്റ്റർ ബി.വോക് (2018, 2019 അഡ്മിഷനുകൾ റീ-അപ്പിയറൻസ്, പുതിയ സ്കീം) ബിരുദ പരീക്ഷകൾ 2023 ജനുവരി നാലിന് ആരംഭിക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1763/2022)

## പ്രാക്ടിക്കൽ

നാലാം സെമസ്റ്റർ ബി.വോക് ഫുഡ് പ്രോസസിംഗ് ടെക്നോളജി (2020 അഡ്മിഷൻ റഗുലർ, 2019 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2019,2018 അഡ്മിഷനുകൾ സപ്ലിമെൻററി - ഡിസംബർ 2022) പരീക്ഷയുടെ പ്രാക്ടിക്കൽ (എ.ഒ.സി) പരീക്ഷ ഡിസംബർ 22 മുതൽ പാലാ, സെൻറ് തോമസ് കോളജിൽ നടത്തും. ടൈം ടേബിൾ വെബ്സൈറ്റിൽ.

---------------------------

രണ്ടാം സെമസ്റ്റർ എം.എ. ജെ.എം.സി (2021 അഡ്മിഷൻ റഗുലർ, 2020 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2020,2019 അഡ്മിഷൻ സപ്ലിമെൻററി - നവംബർ 2022) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ജനുവരി മൂന്നു മുതൽ അതത് കോളേജുകളിൽ നടത്തും. ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1764/2022)

## പരീക്ഷാ ഫലം

ഏഴാം സെമസ്റ്റർ പഞ്ചവത്സര ഇൻറഗ്രേറ്റഡ് ഡബിൾ ഡിഗ്രി - ബി.കോം എൽ.എൽ.ബി (ഓണേഴ്സ്) കോഴ്സിൻറെ (2015,2016 അഡ്മിഷനുകൾ സപ്ലിമെൻററി - ഓഗസ്റ്റ് 2022), ബി.എ. എൽ.എൽ.ബി (2011,2012,2013,2014,2015 അഡ്മിഷനുകൾ സപ്ലിമെൻററി - ഓഗസ്റ്റ് 2022), ബി.ബി.എ എൽ.എൽ.ബി. (ഓണേഴ്സ്) കോഴ്സിൻറെ (2015,2016 അഡ്മിഷനുകൾ സപ്ലിമെൻററി - ഓഗസ്റ്റ് 2022) പരീക്ഷകളുടെ ഫലം പ്രഖ്യാപിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് സഹിതം ജനുവരി മൂന്നു വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ അപേക്ഷ നൽകാം.

-------------------------

ഏഴാം സെമസ്റ്റർ പഞ്ചവത്സര ഇൻറഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബി.എ. എൽ.എൽ.ബി. (ഓണേഴ്സ്) കോഴ്സിൻറെ (2016 അഡ്മിഷൻ സപ്ലിമെൻററി - ഓഗസ്റ്റ് 2022) പരീക്ഷയുടെ ഫലം പ്രഖ്യാപിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് സഹിതം ഡിസംബർ 30 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ അപേക്ഷ നൽകാം.

-----------------------

ഈ വർഷം മെയിൽ നടത്തിയ ഒൻപതാം സെമസ്റ്റർ ഐ.എം.സി.എ. (2017 അഡ്മിഷൻ റഗുലർ), ഡി.ഡി.എം.സി.എ. (2014,2015,2016 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷകളുടെ ഫലം പ്രഖ്യാപിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് സഹിതം ജനുവരി മൂന്നു വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ അപേക്ഷ നൽകാം.

---------------------

2022 ഏപ്രിലിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എസ്.സി. ഫുഡ് ആൻറ് ഇൻഡസ്ട്രിയൽ മൈക്രോബയോളജി (റഗുലർ, സപ്ലിമെൻററി) പരീക്ഷയുടെ ഫലം പ്രഖ്യാപിച്ചു.

പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് സഹിതം ജനുവരി മൂന്നു വരെ ഓൺലൈനിൽ അപേക്ഷ നൽകാം.

(പി.ആർ.ഒ./39/1765/2022)

**പബ്ലിക് റിലേഷൻസ് ഓഫീസർ**